**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4101**
**12.11.2019 ലെ മറുപടിയ്ക്ക്**

## പങ്കാളിത്ത പെൻഷൻകാർക്കുള്ള ആനുകൂല്യം

| ചോദ്യം : ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ | | ഉത്തരം : ഡോ.തോമസ് ഐസക്ക് (ബഹു.ധനകാര്യ വകുപ്പ് മന്ത്രി) |
|---|---|---|
| എ | സ്റ്റാറ്റ്യൂട്ടറി പെൻഷൻകാർക്കുള്ള ഇരുപത് ലക്ഷം രൂപവരെയുള്ള വിരമിക്കൽ പെൻഷൻ ആനുകൂല്യം പങ്കാളിത്ത പെൻഷൻകാർക്ക് കൂടി ബാധകമാക്കി കേന്ദ്രം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | ഉണ്ട്. |
| ബി | പ്രസ്തുത ഉത്തരവ് പങ്കാളിത്ത പെൻഷൻ ബാധകമായുള്ള സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കൂടി ബാധകമാക്കുവാൻ നടപടി സ്വീകരിക്കുമോ; | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് ഡി.സി.ആർ.ജി അനുവദിക്കുന്ന വിഷയം, പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതിയുടെ പരിഗണനാ വിഷയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| സി | കേന്ദ്ര സർക്കാർ പങ്കാളിത്ത പെൻഷൻകാർക്കും കുടുംബ പെൻഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; സംസ്ഥാനത്ത് ഇത് ഇതുവരെ നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ്; | കേന്ദ്രസർക്കാർ സർവ്വീസിൽ ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർ സർവ്വീസിലിരിക്കെ മരണപ്പെടുന്ന പക്ഷം അവരുടെ ആശ്രിതർക്ക് കുടുംബ പെൻഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാർ സർവ്വീസിലിരിക്കെ മരണപ്പെടുന്ന പക്ഷം ഈ ജീവനക്കാരുടെ ആശ്രിതർക്ക് കുടുംബ പെൻഷൻ അനുവദിക്കുന്ന വിഷയം പുനഃപരിശോധനാ സമിതിയുടെ പരിഗണനാ വിഷയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

| | | |
|---|---|---|
| ഡി | പങ്കാളിത്ത പെൻഷൻ നടപ്പിൽ വരുന്നതിന് മുമ്പ് വന്ന വിജ്ഞാപനത്തിലൂടെ നിയമനം നേടിയവരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾക്കൊള്ളിക്കണമെന്ന് സുപ്രീംകോടതി ഉത്തരവായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ? | പങ്കാളിത്ത പെൻഷൻ നടപ്പിൽ വരുന്നതിന് മുമ്പ് വന്ന വിജ്ഞാപനത്തിലൂടെ നിയമനം നേടിയവരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾക്കൊള്ളിക്കണമെന്ന വിഷയം പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതിയുടെ പരിഗണനാ വിഷയങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**